പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1907 14/08/2017-ൽ മറുപടിക്ക്

**അട്ടപ്പാടിയിൽ ശിശുമരണങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | എ) | 15 മരണം |
| ബി) | 2017 മേയ് മാസത്തിൽ മാത്രം അഞ്ച് ശിശുമരണങ്ങൾ ഉണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ | ബി) | നാല് മരണങ്ങളാണ് മെയ് മാസത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആ മരണങ്ങൾ എല്ലാം തന്നെ അന്വേഷണം നടത്തി വിലയിരുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത മേഖലയിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശിശുമരണം ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | ഗർഭിണികൾക്കായുള്ള ഗർഭകാല ക്ലിനിക്കുകൾ കൂടാതെ ഗർഭിണികൾക്ക് പ്രത്യേക പരിചരണം നൽകുന്ന പദ്ധതിയായ (PMSMA) പ്രോഗ്രാം എല്ലാ മാസവും 9-ാം തീയതി അട്ടപ്പാടി മേഖലയിൽ നടത്തിവരുന്നുണ്ട്. ഗർഭാവസ്ഥ-യുടെ രണ്ടാം ഘട്ടത്തിൽ ജന്മവൈകല്യങ്ങൾ ഗർഭാവസ്ഥയിൽ തന്നെ കണ്ടുപിടിക്കുന്ന-തിനുള്ള അനോമലി സ്കാൻ, രക്തപരിശോധന-കളും ചികിത്സയും നടത്തിവരുന്നു. High Risk ഗർഭിണികളെ കണ്ടെത്തി വിദഗ്ധ ചികിത്സ-യ്ക്കായി കൂടുതൽ സൗകര്യമുള്ള ആശുപത്രി-യിലേയ്ക്ക് അയയ്ക്കുന്നതിനുള്ള സൗകര്യവും ഈ പദ്ധതിയിലൂടെ ചെയ്തുവരുന്നു. കൃത്യമായ ഗർഭസംരക്ഷണം നൽകുന്നതുമൂലം ശിശുമരണം ഒരു പരിധിവരെ ഒഴിവാക്കാനും കഴിയും. |

സെക്ഷൻ ഓഫീസർ